മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 51 THE ONLINE OFFICIAL NEWS BULLETIN 2023 December 16

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪7 Galyono d-Yawseph Kino Revelation to St. Joseph 95th Mem. of H.H.Baselius Geevarghese I (Vallikkattu Dayara) **17**	♪3 Comme. of St. Thomas the Apostle (The day St. Thomas was pierced by the lance of heathens) **18**	♪7 **19**	♪3 Comme. of St. Ignatius Nurono (Fiery One) **20**	♪8 ✤Martyrdom of St. Thomas (Apostle of India) **21**	♪3 **22**	♪7 23rd Mem. of N.K.Koruthu Malpanachan (Vadavukodu) **23**



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പുതുച്ചേരി മുഖ്യമന്ത്രി എൻ. രംഗസ്വാമിയുമായി കൂടിക്കാഴ്ച നടത്തി.



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ സ്മരണയിൽ ആരംഭിച്ച സാധുജന ക്ഷേമ പദ്ധതിയായ 'സഹോദരൻ' പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. ദേവലോകം കാതോലിക്കാറ്റ് അരമന ചാപ്പലിൽ പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായാണ് പ്രകാശനം നിർവഹിച്ചത്. ഇടുക്കി ഭദ്രാസനത്തില കുങ്കിരിപ്പെട്ടി സെന്റ്തോമസ് ഓർത്തഡോക്സ് കത്തിഡ്രൽ ഇടവകാംഗം ടോബിൻ തോമസ് ആണ് ലോഗോ ഡിസൈൻ ചെയ്തത്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും, റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള 2023-ലെ ഇന്റർ ചർച്ച് ഡയലോഗ് കോട്ടയം ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ നടന്നു.



കേരള സർക്കാരിന്റെ നവകേരള സദസ്സു'കളുടെ ഭാഗമായി കോട്ടയത്ത് നടന്ന പ്രഭാതയോഗത്തിൽ സർക്കാരിന്റെ ക്ഷണപ്രകാരം യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ പങ്കെടുത്തു. യുവതീയുവാക്കളുടെ വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തെപ്പറ്റിയും, കേരളത്തിൽ തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.



മർത്തോമ്മാ സഭയിലെ നവാഭിക്ഷിക്തരായ അഭിവന്ദ്യ സഖറിയാ മാർ അപ്രേം, മാത്യൂസ് മാർ സെറാഫിം, ഡോ. ജോസഫ് മാർ ഇവാനിയോസ് എന്നീ മെത്രാപ്പോലീത്താമാർ കുന്നംകുളം ഭദ്രാസന ആസ്ഥാനമായ ആർത്താറ്റ് അരമനയിൽ സന്ദർശനം നടത്തി. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി മെത്രാപ്പോലീത്തമാരെ പൊന്നാടയണിയിച്ചുകൊണ്ട് സ്വീകരിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ സ്വാഗതം ആശംസിച്ചു. പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മാരക മന്ദിരവും, മ്യൂസിയവും അഭിവന്ദ്യ തിരുമേനിമാർ സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഫാ. ഡോ. വി. സി. സാമുവേലിന്റെ ദൈവശാസ്ത്ര യാത്ര:

വൈദികരെയും സെമിനാരി വിദ്യാർത്ഥികളെയും ദൈവശാസ്ത്രപഠനത്തിനായി സജ്ജമാക്കുന്നതിനുള്ള പങ്ക്

ഡീക്കൻ മാമ്മൻ ജോസഫ് പുതുശ്ശേരി

(തുടർച്ച)

4.1. ജീവിതം സന്ദേശമാക്കിയ സത്യാന്വേഷി


ഒരു സത്യാന്വേഷിയായി തന്നെത്തന്നെ വിശേഷിപ്പിച്ചു ഗാന്ധി ഒരിക്കൽ പറഞ്ഞു 'എന്റെ ജീവിതമാണ് എന്റെ സന്ദേശം'. അപ്രകാരം ജീവിതം സന്ദേശമാക്കിയ സത്യാന്വേഷിയായിരുന്നു സമുവേലച്ചൻ. ദൈവശാസ്ത്ര പഠനത്തിന് വൈദികർക്കും സെമിനാരികൾക്കുമുള്ള ഒരു പാഠപുസ്തകമാണ് സമുവേലച്ചൻ.

സത്യത്തിന് വേണ്ടിയുള്ള നിരന്തര പോരാട്ടമായിരുന്നു തന്റെ ജീവിതമാകെയും. സുറിയാനിയിൽ അതീവ നൈപുണ്യം നേടിയ കഥാപുരുഷൻ മഞ്ഞനിക്കര ദയറായിൽ വെച്ച് സുറിയാനി ഭാഷയിലുള്ള ഒരു പ്രമാണ രേഖ ഒരു വിദേശി മെത്രാന്റെ താല്പ്പര്യമനുസരിച്ച് പരിഭാഷപ്പെടുത്തുകയായിരുന്നു. ആ മൂലരേഖയിലെ രണ്ട് മൂന്ന് വാക്കുകൾ സത്യത്തിന് വിരുദ്ധമായി മലയാളത്തിൽ പരിഭാഷപ്പെടു ത്തണമെന്ന് സ്വന്തം ഗുരുസ്ഥാനത്ത് കരുതപ്പെട്ടിരുന്ന മാർ യൂലിയോസ് ആവശ്യപ്പെട്ടപ്പോൾ അത് ധൈര്യപൂർവ്വം നിരസിക്കുവാനുള്ള മനഃശക്തി അദ്ദേഹത്തിന് ഉണ്ടായി. ആ പരിഭാഷ അധികം താമസിക്കാതെ നിർത്തിവെച്ച് മഞ്ഞനിക്കരയോട് വിടപറയുവാനും അദ്ദേഹം മടി കാണിച്ചില്ല.[20] സത്യത്തോട് കൂറു പുലർത്താൻ അസാമാന്യ ധൈര്യം കാണിച്ച ത്യാഗിവര്യനായിരുന്നു സമുവേൽ അച്ചൻ.

ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവ അച്ചനെ സ്മരിക്കുമ്പോൾ ഓർമിപ്പിക്കുന്നു: "*സത്യാന്വേഷണത്തിന്റെ ബൈ-പ്രൊഡക്റ്റ് ആണ് പാണ്ഡിത്യം. പാണ്ഡിത്യവും സ്ഥിരോത്സാഹവും ഇല്ലാത്ത ഒരാൾക്കു സത്യാന്വേഷിയായി തീരാൻ സാധിക്കുകയില്ല. താൻ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന തന്റെ രക്ഷകനായ യേശു ക്രിസ്തുവിനെപ്പറ്റി തന്നെയായിരുന്നു അച്ചന്റെ പ്രധാന അന്വേഷണം. സത്യം കണ്ടെത്താനുള്ള ക്ലേശഭൂയിഷ്ഠമായ തീർത്ഥയാത്രയായിരുന്നു അച്ചന്റെ ഡോക്ടറൽ തീസ്സിസ്.*"[21]

ദൈവശാസ്ത്രപഠനം സത്യത്തെ കണ്ടെത്തലാണ്. ആ സത്യാന്വേഷണം എപ്രകാരമായിരിക്ക ണമെന്ന് വൈദികരെയും സെമിനാരി വിദ്യാർത്ഥികളെയും പഠിപ്പിക്കുന്ന പാഠപുസ്തകമാണ് സമുവേലച്ചൻ. വർത്തമാനകാലഘട്ടത്തിൽ വൈദികരുടെയും സെമിനാരി വിദ്യാർത്ഥികളുടെയും ദൈവശാസ്ത്ര ബോദ്ധ്യങ്ങൾക്ക് അപചയം സംഭവിക്കുന്നുണ്ടെങ്കിൽ നാം സത്യത്തെ അന്വേ ഷിക്കുന്നില്ല എന്നതാണ് സാരം.

മുഖപക്ഷം നോക്കാതെയുള്ള നിക്ഷ്പക്ഷത, അണുവിട വ്യതിചലിക്കാത്ത സത്യസന്ധത, കാപട്യമില്ലാത്ത ഭക്തി, വിധേയത്വം പ്രകടിപ്പിക്കാത്ത നിർഭയത്വം, അടുക്കും ചിട്ടയും വിശുദ്ധിയും നിറഞ്ഞ ദിനചര്യ, സേവനനിരതമായ കഠിനാദ്ധ്വാനം, യുക്തിക്ക് നിരക്കാത്തതായ അബദ്ധധാരണകളെയും അന്ധമായ വിധേയത്വത്തെയും സധൈര്യം നേരിടുവാനുള്ള പ്രവാചകക്കരുത്ത്, തലക്കനമില്ലാത്ത പാണ്ഡിത്യം, നാട്യമില്ലാത്ത വിനയം എന്നുവേണ്ട എല്ലാ ഗുണങ്ങളും സമുചിതമായി സമ്മേളിച്ച ആ വ്യക്തിത്വം ആരെയും ഹഠാദാകർഷിക്കുന്നതിൽ അതിശയമില്ല. ശരിക്കും, ആ ജീവിതം ഒരു സന്ദേശം തന്നെയായിരുന്നു.



സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കുമായി അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ പ്രബന്ധം.

4.2. ഗുരുക്കന്മാരുടെ ഗുരു

ക്രൈസ്തവ വേദശാസ്ത്രത്തെ നിക്ഷ്പക്ഷതയോടെ സമീപിച്ച് അതിന്റെ അർത്ഥവും നാനാർത്ഥവും വ്യഖ്യാനിച്ച് പ്രായോഗിക ജീവിതരംഗത്ത് അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെക്കുറിച്ച് ശരിയായ ഉൾക്കാഴ്ച നൽകുവാൻ സമുവേലച്ചൻ എന്ന ഗുരുവിന് കഴിഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ അച്ചൻ തന്റെ ശിഷ്യസമൂഹത്തിന് ഏറെ പ്രിയപ്പെട്ടവനായിരുന്നു.

ദൈവശാസ്ത്ര സത്യങ്ങളെ അന്വേഷിച്ച് കണ്ടെത്തി ശിഷ്യസമൂഹത്തിന് പകർന്ന് നൽകുവാൻ സമുവേലച്ചൻ എന്നും സ്ഥിരോത്സാഹിയായിരുന്നു. മരണശേഷവും അച്ചന്റെ ജീവിതം ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് പ്രചോ



ദനമായി നിലകൊള്ളുന്നു. മറ്റ് പണ്ഡിതന്മാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും അച്ചൻ പലതരത്തിൽ വ്യത്യസ്തനായിരുന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി അച്ചനെ സ്മരിക്കുന്നത് ഇപ്രകാരമാണ് :

"In spite of his great scholarship and high caliber interests, Fr. Samuel was a simple and accessible person. His students who are at his 'feet' as he elucidated the mystery of the Holy Trinity before them would vouchsafe this! One and all loved him; there was not tinge of arrogance which is rather possible with men of his stature-in, his manner of dealings. Seminarians who were his students recall the sweetness and sincerity of Samuel Achan while he was their 'Guru'."[22]

ക്രിസതു വിജ്ഞാനീയത്തിന്റെയും സഭാചരിത്രത്തിന്റെയും ആരാധനയുടെയും മർമ്മങ്ങളെ അച്ചൻ തന്റെ ശിഷ്യസമൂഹത്തിൽ സന്നിവേശിപ്പിച്ചു.

മഹാപണ്ഡിതനായിരുന്നപ്പോഴും ഒരു ഉത്തമഗുരു നല്ല വിദ്യാർത്ഥി കൂടിയായിരിക്കണമെന്ന് അദ്ദേഹം കാണിച്ചുതന്നു. ദൈവശാസ്ത്രപഠനം ജീവിതാന്ത്യം വരെ തുടരുന്ന പ്രക്രിയയാണെന്നും എല്ലാ വൈദികരും സെമിനാരി വിദ്യാർത്ഥികളും ജീവിതാന്ത്യം വരെ നല്ല വിദ്യാർത്ഥി കൂടിയായിരിക്കണമെന്നും അദ്ദേഹം പഠിപ്പിക്കുന്നു.

വി. സി. സമുവേലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് അച്ചനെപ്പറ്റി ഡോ. കെ. എം. തരകന്റെ പരാമർശം തികച്ചും അർത്ഥവത്താണ്. "*ലോക ചരിത്രത്തിലെ അപൂർവ്വ സിദ്ധിയാർജിച്ച ഭാരതീയാചാര്യന്മാർ വിവരിച്ചിട്ടുള്ള ബ്രഹ്മജ്ഞാനിയാണ് സമുവേലച്ചൻ*". [23]

വേദം പഠിക്കുന്നതിനാവശ്യമായ നാല് കാര്യങ്ങൾ ബ്രഹ്മജ്ഞാനിയായ സമുവേലച്ചനിൽ വിളങ്ങി നിൽക്കുന്നു.

1.നിത്യ-അനിത്യ-വസ്തു-വിവേക: നിത്യമായതും അനിത്യമായതും വിവേചിച്ചറിയുവാനുള്ള കഴിവ്.

2. വൈരാഗ്യം അഥവാ Detachment : ലോകത്തിന്റെ മോഹങ്ങളിൽ നിന്ന്.

3. കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള താല്പ്പര്യവും ശ്രദ്ധയും.

4. മുമുക്ഷത്വം: സ്വതന്ത്ര വാഞ്ഛ.[24]

ഓരോ വൈദികനും സെമിനാരി വിദ്യാർത്ഥിക്കും ദൈവശാസ്ത്ര പഠനത്തിൽ സമുവേലച്ചനിൽ വിളങ്ങിയ ഈ ശ്രേഷ്ഠഗുണങ്ങൾ ഉണ്ടാകണമെന്ന് ഓർമിപ്പിക്കുന്നതാണ് അച്ചന്റെ ജീവിതം.

4.3. ആരാധനാപരമായ ചൈതന്യം - സുറിയാനി പരിഭാഷകളിലൂടെ

ശരിയായി ആരാധിക്കുന്ന സമൂഹമേ ശരിയായി ജീവിക്കു എന്നത് സമുവേലച്ചന്റെ ബോദ്ധ്യമായിരുന്നു. അർത്ഥ പൂർണ്ണവും അനുഭവ സമ്പന്നവുമായ ആരാധന അദ്ദേഹം സ്വപ്നം കണ്ട ഒരാശയമായിരുന്നു. ജനസാമാന്യത്തിന്റെ ജീവിത പ്രശ്നങ്ങൾ, വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങൾ, ഭാഷാപരമായ നിലവാരം, സമയ സന്ദർഭ പ്രത്യേക പ്രാർത്ഥനകൾ ഒക്കെ കണക്കിലെടുത്ത് സമഗ്രമായ ഒരു ആരാധന പരിഷ്ക്കരണം നടത്തുവാൻ അച്ചൻ പലപ്പോഴും ആഹ്വാനം ചെയ്തിട്ടുണ്ട്. ആ ആഹ്വാനങ്ങൾക്ക് ആരും ചെവികൊടുക്കുന്നില്ല എന്ന് കണ്ടപ്പോൾ ചില പ്രൊമിയോൻ-സെദറാകൾ, ഗീതങ്ങൾ, പ്രാർത്ഥനകൾ തുടങ്ങിയവ അദ്ദേഹം രചിച്ചു ഉപയോഗിച്ചു. അവയിൽ ചിലത് പ്രചാരത്തിലാകുകയും ചെയ്തു.

പുരാതനമായ ആരാധനശൈലിയോ പിതാക്കന്മാരുടെ ആരാധനക്രമങ്ങളോ ഉപയോഗിക്കുവാനായിരുന്നില്ല സമുവേലച്ചൻ ആവശ്യപ്പെട്ടത്. പരിഭാഷകളിലെ വളച്ചുകെട്ടും ഭാഷാ പ്രയോഗങ്ങളിലെ സംവേദനാരാഹിത്യവുമൊക്കെ ഒഴിവാക്കുവാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കൂടാതെ ആരാധനാക്രമങ്ങൾക്ക് പണ്ടുണ്ടായിരുന്ന സാധ്യത പുനരാവിഷ്ക്കരിക്കുവാൻ അദ്ദേഹം താല്പ്പര്യം കാണിച്ചു. സാഹചര്യമനുസരിച്ച് ഹൃദ്യമാക്കുവാനോ വിപുലീകരിക്കുവാനോ കഴിയുക. യാന്ത്രികമായി പരിചയിച്ചു പോരുന്നതിനോടുള്ള ബന്ധം ഒരു ബന്ധനമായി തലമുറകളെയും തളച്ചിടണമോ എന്ന സമുവേലച്ചന്റെ ചോദ്യം ഇന്നും ഏറെ പ്രസക്തമാണ്.

ചെറുപ്രായം മുതൽ അച്ചൻ സുറിയാനി ഭാഷയിൽ അഗ്രഗണ്യനായിരുന്നെങ്കിലും സുറിയാനി ആരാധന വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിന് ഉതകില്ല എന്ന് അച്ചൻ വിശ്വസിച്ചു. ചെങ്ങളം പള്ളിയിൽ വികാരിയായിരിക്കുമ്പോൾ സുറിയാനി ഗീതങ്ങളും ജനനപെരുന്നാൾ, ഓശാന, പെസഹാ, ദുഃഖവെള്ളിയാഴ്ച തുടങ്ങിയ ദിവസങ്ങളിലെ ആരാധനാ ക്രമങ്ങളും സാധാരണ വിശ്വാസികൾക്ക് ഗ്രഹിക്കുവാൻ കഴിയുന്ന തരത്തിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. വിശ്വാസികൾക്ക് അത് ഒരു നവ ആത്മീയ അനുഭവമായിരുന്നു.[25] സഭയുടെ ശോഭനമായ ഭാവിയെ മുന്നിൽ കണ്ടുള്ള വിപ്ലവകരമായ നീക്കവും. ഓർത്തഡോക്സ് ദൈവശാസ്ത്രം വിശ്വാസികൾക്ക് എളുപ്പത്തിലും ആഴത്തിലും ഗ്രഹിക്കുന്നതിന് അത് ഇടയാക്കി. 'വിശ്വാസ സൗഹൃദമായ' ഒരാരാധനാക്രമം അതിനാൽ പിറവിയെടുത്തു.

അവ പരിഭാഷപ്പെടുത്തുക മാത്രമല്ല സൺഡേ സ്കൂൾ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനും അതുവഴി ഓർത്തഡോക്സ് വേദശാസ്ത്രത്തെക്കുറിച്ച് ബോധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും അച്ചൻ ഉത്സുകനായിരുന്നു.

ആലുവ യു.സി. കോളജ് പഠനത്തിനുശേഷം തുടർ പഠനത്തിന് തയ്യാറെടുക്കുമ്പോൾ താൻ തർജ്ജിമ ചെയ്ത പ്രാർത്ഥനകളും പാട്ടുകളും സമുവേലച്ചൻ മാത്യൂസ് വട്ടക്കുന്നേലച്ചനെ (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്ക) ഏല്പ്പിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്.

"എനിക്ക് വേണമെങ്കിൽ ഇത് പ്രസിദ്ധീകരിച്ച് പണമുണ്ടാക്കാം. എന്നാൽ ഒരു ശരിയായ കമ്മറ്റി ഇതെല്ലാം നോക്കി ദൈർഘ്യം കുറച്ചും ആവശ്യമില്ലാത്ത വർണ്ണന നീക്കിയും യഹൂദന്മാരെ ശപിക്കുന്നത് മാറ്റിയും പുറത്ത് വരണം."[26]

ഈ തർജ്ജിമകളിന്മേൽ പിന്നീട് മാത്യൂസ് അച്ചനും സി. പി. ചാണ്ടി സാറും പഠനം നടത്തി കാവ്യരൂപത്തിലാക്കി പ്രസിദ്ധപ്പെടുത്തി. സമുവേലച്ചന്റെ സുറിയാനി പാണ്ഡിത്യത്തിന്റെയും ആഴമായ ദൈവശാസ്ത്രബോധത്തിന്റെയും പ്രകടമായ ഭാവമാണ് ഈ പരിഭാഷകളത്രയും. ഇത് വൈദികർക്കും സെമിനാരി വിദ്യാർത്ഥികൾക്കും മാത്രമല്ല അയ്മേനികൾക്കും ദൈവശാസ്ത്ര പഠനത്തിന് സഹായിക്കുന്ന ഒരേടാണ്.

4.4. ഓർത്തഡോക്സ് വിശ്വാസ പ്രബോധനം (Orthodox Catechism)

ഓർത്തഡോക്സ് വിശ്വാസത്തിന്റെ നല്ല കാവൽ ഭടനായിരുന്നു വി. സി. സമുവേലച്ചൻ. പല അന്താരാഷ്ട്രസമ്മേളനങ്ങളിലും ഓർത്തഡോക്സ് വിശ്വാസത്തെ അവതരിപ്പിച്ചും പ്രതിരോധിച്ചും ആഗോള ശ്രദ്ധ നേടിയ ബഹുമുഖ പ്രതിഭ. ശരിയായ വിശ്വാസം ആത്മീയ ജീവിതത്തിന്റെ ജീവശ്വാസമാണെന്ന് അച്ചൻ വിശ്വസിച്ചു.

സത്യവിശ്വാസം സംരക്ഷിക്കുവാൻ സഭാപിതാക്കന്മാർ നേരിട്ട പീഡനങ്ങളും മുടക്കുകളും അച്ചന് ബോധ്യമുണ്ടായിരുന്നു. അപ്രകാരമുള്ള സത്യവിശ്വാസത്തിന്റെ കാവൽ ഭടന്മാരായിരുന്ന സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകൾ തേടിയുള്ള ദൈവശാസ്ത്ര യാത്രയായിരുന്നു അച്ചന്റെ ജീവിതം. ആ സത്യവിശ്വാസ മർമ്മങ്ങളെ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അച്ചൻ പ്രസിദ്ധീകരിച്ചു. ആദിമ സഭയിൽ നിലനിന്നിരുന്ന വേദവിപരീതങ്ങളെക്കുറിച്ച് അവബോധമില്ലാതിരുന്ന മലങ്കര സഭാ വിശ്വാസികളെ ആദ്യം വേദവിപരീതങ്ങൾ എന്തെന്ന് പഠിപ്പിക്കുകയും പിന്നീട് അതിന്മേലുള്ള ഓർത്തഡോക്സ് വിശ്വാസം എന്തെന്ന് ബോധവത്ക്കരിക്കുകയും ചെയ്തു. ചുരുക്കത്തിൽ നല്ല ദൈവശാസ്ത്ര അവബോധമുള്ള വൈദികരും സെമിനാരി വിദ്യാർത്ഥികളും മാത്രമല്ല ഉടലെടുത്തത് മറിച്ച് സത്യവിശ്വാസം മുറുകെപിടിച്ചു ഒരു യുവതലമുറകൂടിയായിരുന്നു.

വി. സി. സമുവേലച്ചനെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്: "*ശൗൽ ഗമാലിയേലിന്റെ പാദപീഠ*

ത്തിൽ ഇരുന്ന് പഠിച്ചതുപോലെ വി.സി. സമുവേലച്ചന്റെ പാദപീഠത്തിൽ ഇരുന്ന് പഠിക്കുവാൻ അവസരം ലഭിച്ചത് മഹാഭാഗ്യമായി കരുതുന്നു...... എന്റെ ദൈവ ശാസ്ത്ര-സഭാചരിത്ര ദർശനങ്ങളെ പരുവപ്പെടുത്തുന്നതിനും വളർത്തുന്നതി നുമായി ദൈവം നിയോഗിച്ച ഗുരുശ്രേഷ്ഠനായിരുന്നു അദ്ദേഹം". [27]

തിരുമേനിയുടെതു മാത്രമല്ല, ഇത് ഒരു ശിഷ്യസമൂഹത്തിന്റെ സാക്ഷ്യം കൂടിയാണ്. ഓർത്തഡോക്സ് ദൈവശാസ്ത്ര-സഭാചരിത്ര ദർശനങ്ങളെ വൈദി കരിലും സെമിനാരി വിദ്യാർത്ഥികളിലും സന്നിവേശിപ്പിക്കുവാൻ അച്ചന് കഴി ഞ്ഞു.

സമുവേലച്ചൻ രചിച്ച പുസ്തകമാണ് "An Orthodox Catechism on the Faith and Life of the Church" അതിന്റെ മുഖവുരയിൽ അന്നത്തെ MGOCSM പ്രസി ഡന്റ് ആയിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി കുറിക്കു ന്നത് ഇപ്രകാരമാണ്.

" *I find no person more competant in our church than Dr. V.C. Samuel to write such a volume. His deep rooted knowledge of the Syrian patristics, vast and profound experience in the field of Theological Education, his ability to present church doctrines in simple and lucid manner, all these have contributed much for this excelent work*".[28]

വി. ത്രിത്വം, കൂദാശകൾ, മിഷൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഓർത്ത ഡോക്സ് കാഴ്ചപ്പാടുകൾ ഒരു ചോദ്യോത്തര രൂപത്തിൽ അച്ചൻ ഇപ്രകാരം അവതരിപ്പിക്കുന്നു.

4.5 നിഷ്പക്ഷ സഭാചരിത്ര വക്താവ്

മലങ്കരസഭാ ചരിത്രത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ ചരി ത്രകാരനാണ് വി. സി. സാമുവേലച്ചൻ. അച്ചൻ രേഖപ്പെടുത്തിയ സഭാചരിത്രം തന്റെ അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും അനന്തരഫലമാണ്. മലങ്കര സഭാ ചരിത്രത്തിലെ നഷ്ടീഭവിച്ചിരുന്ന അടിസ്ഥാനത്തെ വീണ്ടെടുത്ത് പുന രുദ്ധീകരിക്കുന്നതിലും മലങ്കര സഭയിലെ ഛിദ്രങ്ങളുടെയും 16-ാം നൂറ്റാണ്ടുമു തൽ അനുഭവപ്പെട്ട വിഭജനങ്ങളുടെയും യഥാർത്ഥ കാരണങ്ങൾ എന്താണെന്ന് കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിലും അച്ചൻ നൽകിയതായ മാർഗ്ഗ ദർശനം അതുല്യം തന്നെ.


മലങ്കരയിലെ ഭിന്നതയുടെ അന്തരീക്ഷത്തിൽ വളർന്നും അഭ്യസിച്ചും വന്ന അച്ചൻ അതിൽതന്നെ എന്നേയ്ക്കുമായി ഉറച്ചു നിൽക്കാതെ സഭയുടെ യഥാ ർത്ഥ ആവശ്യം മുന്നിൽ കണ്ടുകൊണ്ടും ഉൾപ്രേരണയിൽ അതീവ നിർബ ന്ധിതനായിതീർന്ന് ഭിന്നതകളുടെ അടിസ്ഥാനകാരണങ്ങളെ അന്വേഷിച്ച് കണ്ടെത്തി പുറത്ത് കൊണ്ടുവരികയാണ് തന്റെ ദൈവശാസ്ത്രയാത്രയുടെ ഒരറ്റത്ത് ശ്രമിച്ചത്.

മലങ്കരസഭയിലെ വിഭജനങ്ങളുടെ പ്രധാനകാരണം മലങ്കര സഭാചരിത്ര ത്തെപ്പറ്റി നിലനിർത്തിവന്നതായ അബദ്ധധാരണകളാണെന്ന് കാര്യകാരണ സഹിതം അച്ചൻ സൂചിപ്പിക്കുന്നു. 'ഇത് ഒരു ഇന്ത്യൻ സഭയോ', 'മലങ്കര സഭ യുടെ അന്ത്യോഖ്യൻ ബന്ധം', 'സത്യം ജയിക്കും', 'സഭ വളരുന്നു', 'ആധു നിക ഭാരത സഭ', 'മലങ്കര അന്ത്യോഖ്യൻ ബന്ധത്തിലെ ചില ചരിത്രസത്യ ങ്ങൾ' എന്നീ സുപ്രധാന ചരിത്ര ഗ്രന്ഥങ്ങളുടെയും ഏകദേശം നൂറിൽപരം വരുന്ന ഇതര ലേഖനങ്ങളിലൂടെയും മലങ്കര സഭാ ചരിത്രത്തിന് പുതിയ രൂപവും ഭാവവും വസ്തുനിഷ്ഠമായ അടിസ്ഥാനവും അച്ചൻ കൊടുത്തു.

മലങ്കര-അന്ത്യോഖ്യൻ-മാർത്തോമ്മാ സഭാ ബന്ധങ്ങളിലെ അബദ്ധധാര ണകൾ അച്ചൻ വരച്ചുകാട്ടുന്നു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി സമുവേലച്ചനെ സ്മരി ക്കുമ്പോൾ അച്ചന്റെ ചരിത്രബോധത്തെ ഓർത്തെടുക്കുന്നത് "*From Subjective History to Objective History*"എന്ന തലക്കെട്ടോടെയാണ്.[29] സ്നേഹത്തില ധിഷ്ഠിതമായ സ്വതന്ത്രബുദ്ധിയും ചരിത്രപരമായ വസ്തുനിഷ്ഠയും സഭകൾ പ്രോത്സാഹിപ്പിക്കുകയും തത്വങ്ങൾക്കുവേണ്ടി നിലനിൽക്കണമെന്നുമുള്ളത് അച്ചന്റെ പാണ്ഡിത്യത്തിന്റെയും ജീവിതശൈലിയുടെയും ഭാഗമായിരുന്നു.

ദൈവശാസ്ത്രപഠനത്തിന് സജ്ജമാകുന്ന വൈദികർക്കും വൈദികവി ദ്യാർത്ഥികൾക്കും ഒരു ചരിത്രാന്വേഷി എപ്രകാരമായിരിക്കണമെന്നുള്ളതിന്റെ മാതൃകാരൂപമാണ് വി.സി. സമുവേലച്ചൻ. ചരിത്രാവബോധമുള്ള ഒരു വൈദിക ഗണത്തെ വാർത്തെടുക്കുവാൻ അച്ചൻ വഹിച്ച പങ്ക് ചെറുതൊന്നുമല്ല.



4.6 ക്രിസ്തു വിജ്ഞാനീയം: യേശു ക്രിസ്തു ആര്?

ദൈവശാസ്ത്രപഠനത്തിന്റെ പ്രധാന ശാഖകളിലൊന്നാണ് ക്രിസ്തു വിജ്ഞാനീയം. ആ ശാഖയ്ക്ക് നിർണ്ണാ യകമായ സംഭാവനകൾ നൽകിയ വ്യക്തി ത്വമാണ് സമുവേലച്ചൻ. കൽക്കദോന്യാ സുന്നഹദോസിന്റെ വ്യാഖ്യാതാവ് എന്ന നിലയിലാണ് സമുവേലച്ചനെ പലരും മന സ്സിലാക്കുന്നത്. ഈ വ്യാഖ്യാന ദൗത്യം അദ്ദേഹം എടുത്തത് കൽക്കദോന്യേതര സഭകളുടെ നിലപാട് നീതികരിക്കുവാ നാണ് എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പ്രധാന താല്പര്യം, ഏക സ്വഭാവ-ഇരുസ്വഭാവ വാദികൾക്കതീതമായി ശരിയായ ക്രിസ്തുശാസ്ത്രപര മായ നിലപാട് വ്യക്തമാക്കുന്നതിലായിരുന്നു.

യേശുക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണദൈവവുമായ സമ്പൂർണ്ണ ഐക്യ വ്യക്തിത്വമായിരുന്നുവെന്ന് എത്രമാത്രം കൽക്കദോന്യ സുന്നഹദോസിന്റെ നട പടിയിലും വിശ്വാസരേഖയിലും വ്യക്തമായിരുന്നുവെന്ന വസ്തുനിഷ്ഠമായ പഠനം അച്ചൻ നടത്തി. കൽക്കദോന്യ സുന്നഹദോസിന്റെ നടപടികളിലും വിശ്വാ സരേഖകളിലും വികലമായ ഒരു ക്രിസ്തുശാസ്ത്ര നിലപാടിനെ തെളിയി ക്കുന്നു എന്ന് അനിഷേധ്യമായ രേഖകളുടെയും വാദഗതികളുടെയും പിൻബ ലത്താൽ അച്ചൻ തെളിയിച്ചു.

മനുഷ്യവാക്കുകൾക്കൊണ്ടും ആശയങ്ങൾക്കൊണ്ടും പര്യാപ്തമായ വിധ ത്തിൽ പറയുവാനോ ഗ്രഹിക്കുവാനോ സാധ്യമല്ലാത്ത 'മനുഷ്യാവതാര രഹസ്യ' ത്തെ മനസ്സിലാക്കുവാൻ മറ്റ് പല മുൻവിധികൾക്കും വഴങ്ങി വാക്കു കളെയും ആശയങ്ങളെയും കുഴച്ചുമറിച്ച വാദപ്രതിവാദങ്ങളാണ് സഭാചരിത്ര ത്തിൽ എഫേസുസ് സുന്നഹദോസ് കാലത്തും കൽക്കദോൻ സുന്നഹദോസ് കാലത്തും നടത്തിയിട്ടുള്ളത്. ഈ വസ്തുതകൾ മനസ്സിലാക്കി ക്രിസ്തു വിജ്ഞാനീയം വികസിപ്പിച്ച് സഭകൾ തമ്മിൽ ധാരണ ഉണ്ടാക്കുന്നതിനുള്ള അതുല്യമായ സംഭാവനയാണ്, "The Council of Chalcedon Re-examined" അതു തന്നെയാണ് ക്രിസ്തുവിജ്ഞാനിയ സംബന്ധമായി അച്ചൻ അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങളുടെയും സംവാദങ്ങളുടെയും മുഖ്യധാര. 'യേശുക്രിസ്തു ആര്?' എന്ന പുസ്തകവും ക്രിസ്തുശാസ്ത്രത്തിലെ അഗാധസത്യങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന ഗ്രന്ഥമാണ്.[30]

ചുരുക്കത്തിൽ വൈദികരുടെയും സെമിനാരി വിദ്യാർത്ഥികളുടെയും ദൈവ ശാസ്ത്രപഠനത്തിന് 'ക്രിസ്തു വിജ്ഞാനീയം' പകർന്ന് നൽകുന്നതിന് സമു വേലച്ചന്റെ പങ്ക് അദ്വിതീയമാണ്.

4.7 ദൈവശാസ്ത്രപഠനത്തിലെ സഭൈക്യ ദർശനം

1970-ൽ ജനീവയിൽ വച്ച് നടന്ന ബൈസന്റിയൻ - ഓറിയന്റൽ ഓർത്ത ഡോക്സ് ഐക്യസംഭാഷണത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ അച്ചൻ ഉദ്ധ രിച്ച വരികൾ ശ്രദ്ധേയമാണ്.

"*Charity and patience alone can bring us together. In the best analysis, what is needed is not intellectual victory or earthly success, but a spiritual awakening to see the love of God who in his only son has redeemed the world* "[31]

ഇതൊരു പ്രവാചകശബ്ദമായിരുന്നു. സംവാദങ്ങളിലൂടെ കുറെ ധാരണ കൾ ഉരുത്തിരിയുവാൻ സാധിച്ചേക്കുമെങ്കിലും ആത്യന്തികമായി സഭൈക്യം ദൈവികകർമ്മമാണെന്ന് അച്ചൻ ഉറച്ചു വിശ്വസിച്ചു. അതു സാധിതമാക്കുന്ന തിന് അത്യന്താപേക്ഷിതമായിട്ട് വേണ്ടത് സ്നേഹവും ക്ഷമയുമാണ് എന്ന് അച്ചൻ വിശ്വസിച്ചു.

ഓർത്തഡോക്സ് സഭകളെയും റോമൻ കത്തോലിക്ക സഭയെയും ഒരു മേശയ്ക്ക് ചുറ്റും കൊണ്ടുവരുന്നതിന് അച്ചൻ നടത്തിയ ശ്രമങ്ങൾ പ്രശംസ നീയമാണ്. പാറയ്ക്കൽ കെ. മാത്യു സമുവേലച്ചനെ സ്മരിക്കുന്നത് ശ്രദ്ധേ

യമാണ്: *"Dr. Samuel's most outstanding contribution should be seen in upholding and presenting the Oriental Orthodox Theology in the Ecumenical arena and towards re-establishing the long-lost relationship with the Eastern Churches and Roman Catholic Church"*[32]

Faith and order കമ്മീഷൻ അംഗമായിരിക്കുമ്പോൾ ഓർത്തഡോക്സ്, കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് സഭകളുടെ ഐക്യത്തിനായി അച്ചൻ അക്ഷീണം പരിശ്രമിച്ചു. ജോസഫ് ചീരൻ ഇപ്രകാരം കുറിക്കുന്നു.

"V.C. Samuel's studies opened avenues for the Byzantine Churches Oriental Orthodox Churches, the Catholic Church and even Protestant Churches to share the same stage for dialogue"[33]

451-ലെ കൽക്കദൂൻ സുന്നഹദോസിലൂടെ വിഭജിക്കപ്പെട്ട ക്രൈസ്തവ സഭയിൽ ഇരുസ്വഭാവം, ഏകസ്വഭാവം എന്നീ പദപ്രയോഗങ്ങളിൽ ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണെന്ന അടിസ്ഥാന സത്യത്തിൽ എല്ലാവരും യോജിക്കുന്നതായും മറ്റു പദസംഘാതങ്ങൾ വ്യത്യസ്ത ഭാഷാ സംസ്കാരങ്ങളിലെ സ്വാധീനവും മുൻവിധികളും പ്രതികാരഭ്രമവും രാഷ്ട്രീയതാല്പര്യങ്ങൾ നിമിത്തവും മനസ്സിലാക്കാതെ പോയവയുമാണെന്നുള്ള സമുവേലച്ചന്റെ കണ്ടെത്തൽ ലോക ക്രൈസ്തവ സഭകളെ ഐക്യത്തിന്റെ പാതയിലേക്ക് വളരുവാൻ സഹായിച്ചു.

ജനിച്ചനാൾ മുതൽ മെത്രാൻകക്ഷിയെന്നും ബാവാകക്ഷിയെന്നും വിഭജനം കണ്ട് വളർന്ന അച്ചൻ 1958-ൽ സുപ്രീംകോടതി വിധിയെ തുടർന്ന് ഉണ്ടായ സമാധാനം നിലനിർത്തുന്നതിന് നൽകിയ സന്ദേശത്തിൽ ചില ചോദ്യങ്ങൾ ഉദ്ധരിക്കുന്നു.

"എന്റെ ഒന്നാമത്തെ ചോദ്യമാണിത്. നമ്മുടെ സഭയുടെ ഭാവിക്കുവേണ്ടിയുള്ള നമ്മുടെ ദർശനം എന്താണ്? സഭയുമായി ബന്ധപ്പെട്ട ഓരോ പ്രശ്നത്തെക്കുറിച്ചുമുള്ള ഓർത്തഡോക്സ് ദൈവശാസ്ത്രതത്വങ്ങൾ മനസ്സിലാക്കി അത് സഭാജീവിതത്തിൽ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുകയാണ് വേണ്ടത് എന്ന നിലപാടാണ് എനിക്കുള്ളത്. ഇത് അംഗീകരിക്കുവാൻ കഴിയുന്നുണ്ടോ?"[34]

കൽക്കദോന്യേതമായ പാരമ്പര്യങ്ങൾ പുലർത്തുന്ന അഞ്ച് പൗരസ്ത്യ സഭകളെ കൂട്ടിച്ചേർത്ത് ഒരു കോൺഫറൻസ് നടത്തണമെന്നും പ്രധാന വിഷയങ്ങളിൽ ഒരു പൊതുമനസ്സ് രൂപപ്പെടുത്തണമെന്നും അച്ചൻ അഭിപ്രായപ്പെടുന്നു.

വൈദികർക്കും സെമിനാരി വിദ്യാർത്ഥികൾക്കും ലഭിക്കുന്ന ദൈവശാസ്ത്രാഭ്യസനം പ്രായോഗിക തലത്തിൽ കൊണ്ടുവന്ന് സ്നേഹത്തിന്റെ ആത്മാവിൽ സമൂഹത്തിന്റെ പൊതുനന്മക്കായി ഉപയോഗിക്കണമെന്ന് തന്റെ ദൈവശാസ്ത്രയാത്രയിലൂടെ സാമുവേലച്ചൻ കാട്ടിത്തന്നു.

4.8 ദൈവശാസ്ത്രപഠനത്തിന് ദൈവശാസ്ത്ര രചനകൾ

വൈദികർക്കും സെമിനാരി വിദ്യാർത്ഥികൾക്കും ആത്മായർക്കും ദൈവശാസ്ത്രപഠനത്തിന് അവരെ സഹായിക്കുവാൻ നിരവധി ദൈവശാസ്ത്രകൃതികൾ അച്ചൻ രചിച്ചു. സെമിനാരി പ്രസിദ്ധീകരിച്ച "സഭാ വിജ്ഞാനകോശ' ത്തിന്റെ പ്രസിദ്ധീകരണത്തിൽ സമുവേലച്ചന്റെ പങ്ക് വലുതാണ്. ടി.ജെ. ജോഷാ അച്ചൻ ഇപ്രകാരം അതിനെ ഓർത്തെടുക്കുന്നുണ്ട്.

"അടുത്ത പ്രശ്നം ഓരോ വിഷയത്തിനും അനുയോജ്യമായ എഴുത്തുകാരെ കണ്ടുപിടിക്കുന്നതും യഥാസമയം അവരിൽ നിന്ന് ലേഖനങ്ങൾ വാങ്ങിക്കുന്നതുമായിരുന്നു. സെമിനാരി അദ്ധ്യാപകരിൽപ്പെട്ടവർ ഈ കാര്യത്തിൽ മുമ്പോട്ട് വന്നത് അനുഗ്രഹമായി. ബഹു. വി.സി. സമുവേലച്ചന്റെ പങ്കാളിത്തവും സംഭാവനകളും വളരെ വിലപ്പെട്ടതായി ഞങ്ങൾ കരുതുന്നു."[35]

പത്രാധിപസമിതിക്ക് വേണ്ടി ഡോ. കെ. എം. തരകൻ പറയുന്നതിങ്ങനെയാണ്: *"വിജ്ഞാനകോശത്തിന്റെ വിവിധ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനും സഭാചരിത്രത്തെപ്പറ്റിയും ഓറിയന്റൽ വിശ്വാസത്തെപ്പറ്റിയും ആധികാരികങ്ങളായ ലേഖനങ്ങൾ രചിക്കുന്നതിന് സ്വന്തം അനാരോഗ്യത്തെ അവഗണിച്ചും വിലപ്പെട്ട സമയം ചിലവഴിച്ച ഫാ. വി. സി. സമുവേലിനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുക്കുവാൻ ആവില്ല"*

ആത്മായ പഠനവേദിയായ 'ദിവ്യബോധന'ത്തിന്റെ ആവശ്യാർത്ഥം 'സഭ വളരുന്നു. 'ആധുനിക ഭാരതസഭ' എന്ന രണ്ട് പുസ്തകങ്ങൾ അച്ചൻ രചിച്ചു. ഭാരത സഭയുടെ ഒരു സംക്ഷിപ്ത ചരിത്രം ഈ പുസ്തകങ്ങൾ നൽകുന്നു. മലങ്കര അന്ത്യോഖ്യൻ ബന്ധത്തെക്കുറിച്ചുള്ള അച്ചന്റെ അന്വേഷണങ്ങൾ 'മലങ്കര - അന്ത്യോഖ്യൻ ബന്ധം' 'മലങ്കര-അന്ത്യോഖ്യൻ ബന്ധത്തിലെ ചില ചരിത്രസത്യങ്ങൾ' എന്ന പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നു.

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് പൗരസത്യ വേദശാസ്ത്രത്തെക്കുറിച്ചുള്ള ഒരാമുഖം നൽകുന്നത് എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾക്കായി 'Orthodox Catechism' എന്ന പേരിൽ പുസ്തകങ്ങൾ അച്ചൻ പ്രസിദ്ധീകരിച്ചു.

ഗ്രീക്ക്മൂലത്തിൽ നിന്നും നേരിട്ടുള്ള വിവർത്തനവും വ്യാഖ്യാനവും നൽകിക്കൊണ്ട് 'അപ്പോസ്തോല പ്രവർത്തികൾ; ഒരു വ്യഖ്യാനം' എന്ന പുസ്തകം 1989-ൽ അച്ചൻ പ്രസിദ്ധീകരിച്ചു.

ഇതുകൂടാതെ തന്നെ ആദ്യഭാഗത്ത് സൂചിപ്പിച്ച നിരവധി പുസ്തകങ്ങളും പ്രബന്ധങ്ങളും ഇംഗ്ലീഷിലും മലയാളത്തിലുമായി നൂറിൽപരം അക്കാദമിക്ക് പേപ്പറുകളും അച്ചൻ രചിച്ചു.

വൈദികർക്കും സെമിനാരിവിദ്യാർത്ഥികൾക്കും സമഗ്രമായ ദൈവശാസ്ത്രപഠനം ആവശ്യമാണെന്നുള്ള ബോധ്യത്തിൽ നിരവധി ദൈവശാസ്ത്ര രചനകൾക്ക് നേതൃത്വം നൽകി വൈദികരെ അതിന് സജ്ജമാക്കി.

4.9 തദ്ദേശീകരിക്കപ്പെട്ട ക്രൈസ്തവ സഭയും ദൈവശാസ്ത്രവും.

തദ്ദേശീയമായ ഭരതസഭ എന്നത് സമുവേലച്ചന്റെ സ്വപ്നങ്ങളിൽ ഒന്നായിരുന്നു. വിദേശസഭകളുമായുള്ള ബന്ധം-സംസർഗ്ഗം, നമ്മുടെ ആദ്ധ്യാത്മികതയേയും ഒരു പരിധിവരെ ദൈവശാസ്ത്ര ചിന്തകളെയും സ്വാധീനിച്ചിട്ടുണ്ട് എന്ന് സമർത്ഥിച്ചു സമുവേലച്ചൻ ഭാരതീയ സഭയ്ക്ക് തദ്ദേശീയമായ ആരാധനാരീതിയും പ്രാദേശിക സംസ്ക്കാരത്തിൽ നിന്ന് ഉടലെടുത്ത ആചാരങ്ങളും ഉണ്ടാകേണ്ടതാണ് എന്ന് വാദിച്ചു.

സുറിയാനി ക്രിസ്ത്യാനികളുടെ ഭാരതീയ ചിന്തകളിലുള്ള അവബോധത്തെക്കുറിച്ച് അച്ചൻ പറയുന്നത് ശ്രദ്ധേയമാണ്:

"Why no attempt was made by our Church fathers to incultarise in the Indian context and to replenish its thought with Indian Philosophy. Neither the Vedas nor the Upanishids have been utilized by the church fathers to evolve an indigenous theology. None of them seemed to have acquintance with any of the six systems of Indian Philosophy"[36]

പുരാതന കാലത്ത് സുവിശേഷം വിവിധ സംസ്ക്കാരങ്ങളുമായി ഇഴുകിചേർന്നു രൂപം കൊടുത്തതുപോലെ പുരാതനമെന്ന് അവകാശപ്പെടുന്ന കേരളത്തിലെ സഭ പ്രവർത്തിച്ചില്ല എന്ന അച്ചൻ പറയുന്നു.

സെറാമ്പൂർ സർവ്വകലാശാലയിൽ പ്രൊഫസറായിരുന്ന കാലത്ത് ഫിലോസഫി ക്ലാസ്സിൽ പഠിപ്പിച്ച അവസരത്തിൽ, ആണ്ടവസാനം ഒരു വിദ്യാർത്ഥി അച്ചനോട് ഇപ്രകാരം പറഞ്ഞു. *"When you finished lecture on Madhava, we became convinced that you were a follower of Madhava. Then when you switched on to Ramanujan, we came to feel that you took up the review of Ramanujan. But your teaching of Sankara, has disillusioned us. So we are asking; what is your position?* അച്ചൻ അതിന് കൊടുത്ത ഉത്തരം. *I am a christian. I don't fully agree with any one of these greatest teachers though I find value in every one of them."*[37]

യഥാസ്ഥിതിക സങ്കുചിത ചിന്തയ്ക്കുപരി വിവിധ മതസത്തകളെ ക്രൈസ്തവ സുവിശേഷത്തിന് യാതൊരു കോട്ടവും വരുത്താതെ ക്രിസ്ത്യാനിക്കും മറിച്ച് ഇതരമതസ്ഥർക്കും എപ്രകാരം ആസ്വാദ്യമാക്കാമെന്നുള്ള സാക്ഷ്യമാണവ.

തികഞ്ഞ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായി നിലകൊണ്ടപ്പോഴും മറ്റ് മതങ്ങളോടും തത്വസംഹിതകളോടും അച്ചൻ കാട്ടിയ ബഹുമാനം ദൈവശാസ്ത്രപഠനത്തിന് സമർപ്പിച്ച ഏതൊരു വൈദികനും സെമിനാരി വിദ്യാർത്ഥികൾക്കും ഉണ്ടാകേണ്ടതാണ്. അത് ദൈവശാസ്ത്രയാത്രയിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്ന് അച്ചൻ അഭിപ്രായപ്പെടുന്നു.

4.10 വൈദികരുടെ വൈദികൻ

വൈദിക ശുശ്രൂഷയുടെ മഹത്തായ സാധ്യതകളെ കണ്ടെത്തി സ്വജീവിതത്തിലൂടെ മാതൃക കാട്ടിയ അച്ചന്റെ വ്യക്തിത്വത്തിന്റെ സ്വാധീനം ഒരിക്കൽ

പരിചയപ്പെട്ടിട്ടുള്ളവരിൽ നിശ്ചയമായും നിലനിൽക്കും. വൈവിധ്യമാർന്ന മേഖലകളിൽ അത്ഭുതകരമാംവിധം വളർന്നു പന്തലിച്ച ആ ധന്യജീവിതം അടങ്ങാത്ത കഠിനാദ്ധ്വാനത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും പര്യായമായിരുന്നു. അദ്ദേഹത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ പ്രതിബദ്ധതയും സമർപ്പണബോധവും ത്യാഗബുദ്ധിയും പ്രാർത്ഥനാജീവിതവും ഭക്തിനിർഭരമായ ചര്യകളും അദ്ദേഹത്തെ വൈദികരുടെ വൈദികനാക്കി മാറ്റി. കാലത്തിനതീതമായി ചിന്തിക്കുക, ദൂരവീക്ഷണത്തോടുകൂടി പ്രവർത്തിക്കുക, വിശാല ദർശനം പുലർത്തുക എന്നിവയെല്ലാം അദ്ദേഹത്തിൽ ഒരുപോലെ സമന്വയിച്ചിരുന്ന അനുകരണീയവും അനുഗ്രഹീതവുമായ ഗുണഗണങ്ങളായിരുന്നു. ഇത്തരത്തിലുള്ള വൈശിഷ്ട്യങ്ങളുടെ വിളനിലമായിരുന്നു സമുവേലച്ചന്റെ ജീവിതം. ഇവയുടെ ആകെത്തുകയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ആകർഷണീയതയും.

ദൈവശാസ്ത്രപഠനത്തിനായി സമർപ്പിച്ച ഏതൊരു സെമിനാരി വിദ്യാർത്ഥിക്കും വൈദികനും ആ പഠനത്തിന് തങ്ങളെത്തന്നെ സജ്ജമാക്കുന്നതിനുള്ള മാതൃകാ പുരുഷനാണ് വി.സി. സമുവേലച്ചൻ. മറ്റൊരർത്ഥത്തിൽ അദ്ദേഹം 'വൈദികരുടെ വൈദികൻ' ആണ്.

5. ഉപസംഹാരം

"എന്നാൽ ആകാശ മണ്ഡലത്തിന്റെ പ്രഭപോലെയും, പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നുമെന്നേക്കും പ്രകാശിക്കും" (ദാനി. 12:3) എന്ന ദൈവാനുപ്രേരിതമായ പ്രവാചക വാക്യം, വി.സി. സമുവേലച്ചനെ സംബന്ധിച്ച് യഥാർത്ഥ്യമാണ്. ദൈവശാസ്ത്രപഠനത്തിനായി സമർപ്പിച്ച ഏതൊരു വൈദികനെയും സെമിനാരി വിദ്യാർത്ഥിയെയും ദൈവശാസ്ത്രപഠനത്തിനായി സജ്ജമാക്കുന്നതിന് അച്ചൻ വഹിച്ച പങ്ക് ചെറുതൊന്നുമല്ല. മരണശേഷവും അച്ചന്റെ പ്രഭാവലയത്തിൽ ദൈവശാസ്ത്രാഭ്യാസത്തിന് തയ്യാറെടുക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു.

ദൈവശാസ്ത്രപഠനത്തിന് വൈദികരെയും സെമിനാരി വിദ്യാർത്ഥികളെയും വി.സി. സമുവേലച്ചന്റെ ദൈവശാസ്ത്രയാത്ര എപ്രകാരം സജ്ജമാക്കി എന്നതായിരുന്നല്ലോ പഠനവിഷയം. അച്ചന്റെ 81-ാം പിറന്നാൾ ആഘോഷത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾ പത്തനംതിട്ട മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് സമർപ്പിച്ച 'മംഗളോപഹാരത്തിലെ വരികൾ ആ ചിന്തകളെ സമർപ്പിക്കും.

"വന്ദ്യപുരോഹിത ശ്രേഷ്ഠാ!

ചിന്തകളുടെ ഔന്നത്യത്തിനും ജീവിതരീതിയുടെ ലാളിത്യത്തിനും മകുടോദാഹരണമായ മഹാത്മൻ! അങ്ങയുടെ ധീരമായ കാലടികൾ പിൻതുടർന്നു വന്ന ഞങ്ങൾ ഒരുനാളും ഇടറുകയില്ല. ഈ ശിഷ്യഗണം ഒരുനാളും തളരുകയില്ല. അങ്ങ് ഞങ്ങളുടെ പ്രചോദന കേന്ദ്രമാണല്ലോ!

അസമാധാനം വിളയാടുന്ന ഈ ലോകത്തിൽ സമാധാനം മാത്രം ഞങ്ങൾക്ക് ഓതിത്തന്ന വന്ദ്യഗുരോ! അങ്ങയുടെ സംഭാഷണ ചാതുരി, പ്രസംഗപാടവം, സംഘടനാ വൈഭവം, ഭരണനൈപുണ്യം, ആകാരസൗഷ്ടവം, ശബ്ദഗാംഭീര്യം, കൃത്യനിഷ്ഠ തുടങ്ങിയ പ്രത്യേകതകളെല്ലാം പ്രത്യക്ഷത്തിൽ തന്നെയും ആരെയും ആകർഷിക്കുന്നതല്ലോ!

അസത്യത്തെയും അധർമ്മത്തെയും എന്തുവിലകൊടുത്തും എതിർക്കുവാൻ അങ്ങ് ഞങ്ങളെ പഠിപ്പിച്ചു. അങ്ങ് സ്വന്തം ജീവിതത്തിൽ പാലിച്ചുകണ്ട ഉന്നതമായ ധർമ്മബോധം ഞങ്ങൾക്കെന്നും മാതൃകയായിരിക്കും.

ഉത്തമനായ ഇടയോ! പവിത്രമായ അദ്ധ്യാപകവൃത്തിയും വൈദികവൃത്തിയും അങ്ങ് പരസ്പരം യോജിപ്പിച്ചു. അദ്ധ്യാപന കാലഘട്ടത്തിൽ അവിടുത്തെ ശിഷ്യത്വം സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായ ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങ് സ്ഥാനം പിടിച്ചിരിക്കുന്നു. ഞങ്ങളുടെ ഗുരുശ്രേഷ്ഠനെക്കുറിച്ച് ഓർക്കുമ്പോൾ ഞങ്ങളുടെ ഹൃദയം ആനന്ദത്താൽ തുളുമ്പുകയാണ്. അഭിമാനത്താൽ വിജ്രംഭിക്കുകയാണ്."

ദൈവസാക്ഷ്യപഠനത്തിന് വൈദികരെയും സെമിനാരി വിദ്യാർത്ഥികളെയും അച്ചൻ എപ്രകാരം സജ്ജമാക്കി എന്നതിന്റെ സാക്ഷ്യപത്രം കൂടിയാണ് ഈ വരികൾ. ഇതിലെ ഓരോ വാക്കുകളിലും അച്ചന്റെ ശിഷ്യഗണത്തിന്റെ ജീവന്റെ തുടിപ്പുണ്ട്. ... രൂപപ്പെട്ടു വളരാൻ പ്രേരിപ്പിച്ച മഹാമേരുവിന്റെ ധന്യസ്മരണകളുടെ സ്പന്ദനമുണ്ട്.



കോർഎപ്പിസ്കോപ്പാ പദവിയിലേക്ക്

പഴഞ്ഞി: കുന്നംകുളം ഭദ്രാസനം രണ്ട് വൈദികരെ കോർ എപ്പിസ്കോപ്പ പദവിയിലേക്ക് ഉയർത്തും. പഴഞ്ഞി സെന്റ് മേരിസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ചാണ് 2023 ഡിസംബർ 19 ചൊവ്വാഴ്ച ഫാ. ജോൺ ഉറുമ്പിൽ, ഫാ. ജോസഫ് തോലത്ത് എന്നിവരെ കോർഎപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തുന്നത്. ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതലയേറ്റ ശേഷം ആദ്യമായി നടത്തുന്ന കോർ എപ്പിസ്കോപ്പാ സ്ഥാനാരോഹണ ശുശ്രൂഷയാണ് ഇത്.



Blessed a house built by Thrissur Diocese with the financial assistance of Mr John Thomas (Sabha Managing Committee Member of the diocese) for a financially backward family in Cherukunnam Parish.



വിശുദ്ധ തോമാ ശ്ലീഹായുടെ ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് പാവുക്കര സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ മാർത്തോമൻ സ്മൃതി പ്രഭാഷണം നടന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

ജോസഫ്: നീതിയുടെ കാവൽക്കാരൻ

(വി. മത്തായി 1:18 –25)

ഫാ. ജെറിൻ ജോൺ അടൂർ



ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പങ്കുകാരൻ ആകുവാൻ വേണ്ടി തന്നെയും ദൈവം വിളിക്കുന്നു എന്ന സത്യം നീതിമാനായ ജോസഫിന് വെളിപാട് ആയി ലഭിക്കുകയാണ്. വെളിപാടിലൂടെ ദൈവം തന്ന ആ മഹത്തായ സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന ചെറുതും വലുതുമായ ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കും ജോസഫ് തന്നെ തന്നെ വിട്ടുകൊടുക്കുകയാണ്. ഒരു പരാതിയോ, പരിഭവമോ കൂടാതെ ദൈവത്തിലുള്ള ജോസഫിന്റെ വിശ്വാസവും, സ്നേഹവും അചഞ്ചലമായിരുന്നു അത് അവർണ്ണനീയമായിരുന്നു. ജോസഫിന്റെ ചില സവിശേഷതകൾ നമ്മെ ആഴത്തിൽ ചിന്തിപ്പിക്കുവാൻ തക്ക വണ്ണം കഴിവുള്ളതാണ്. വിശുദ്ധ വേദപുസ്തകം തന്നെ ഈ പ്രത്യേകതകൾ സാക്ഷിക്കുന്നു. ജോസഫ് നീതിമാനായിരുന്നു. (വി. മത്തായി 1: 19

വി. ലൂക്കോസ് 2: 21–24), നിശബ്ദനായിരുന്നു (വി. മത്തായി 1:20), സ്വപ്നക്കാരനായിരുന്നു (വി. മത്തായി 1: 20, 2 13).

ദൈവം തച്ചനെ പ്രണയിക്കുന്നതിലൂടെ മനുഷ്യാവതാരത്തിന്റെ സാധാരണതയും ലാളിത്യവും പ്രകടമാക്കുന്നു

നീതിമാൻ, തച്ചൻ എന്നീ സങ്കൽപ്പങ്ങളോട് ബന്ധപ്പെട്ടാണ് സുവിശേഷങ്ങളിൽ ജോസഫിനെ ചിത്രീകരിച്ചിരിക്കുന്നത്. സുവിശേഷകന്മാർ ജോസഫിനെ നീതിമാൻ എന്നഭിസംബോധന ചെയ്യുമ്പോൾ, സുവിശേഷത്തിലെ ചില കഥാപാത്രങ്ങളാണ് അവനെ തച്ചൻ, മരപ്പണിക്കാരൻ, ആശാരി, കടച്ചിലുപണിക്കാരൻ, ശില്പി എന്നർത്ഥങ്ങൾ വരുന്ന 'ടെക്റ്റോൺ' എന്നു വിളിക്കുന്നത്. വി. മത്തായിയുടേയും വി. ലൂക്കോസിന്റെയും സുവിശേഷത്തിലെ കഥാപാത്രങ്ങളാണ് ജോസഫിനെ 'ടെക്റ്റോൺ' എന്ന് വിശേഷിപ്പിക്കുന്നത്. പക്ഷേ വി. മർക്കോസിന്റെ സുവിശേഷത്തിൽ വ്യത്യസ്തമാണ്. അവിടെ ടെക്റ്റോൺ എന്ന വിശേഷണം ലഭിക്കുന്നത് യേശുവിനാണ്: "ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?" (വി. മർക്കോസ് 6:3).

മരപ്പണിക്കാരൻ എന്നത് വലിയ ഒരു ഇടർച്ചയുടെ വിളിപ്പേരാണത്. അതിശയോക്തി കലർന്ന ഇടർച്ചയായിരുന്നു അത്. തച്ചുശാസ്ത്രത്തിന്റെ അളവുകളിൽ ഒതുങ്ങിയിരുന്ന ഒരുവൻ പെട്ടെന്നൊരു ദിവസം ദൈവവചനം പ്രഘോഷിക്കുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. എത്ര വലിയ കാര്യങ്ങളാണ് ഇവൻ വഴി സംഭവിക്കുന്നത്! ഇവന് ഇതെല്ലാം എവിടെ നിന്ന്? ഇവന് കിട്ടിയ ജ്ഞാനം എന്ത്? ഇവൻ മരപ്പണിക്കാരൻ അല്ലേ? ചോദിക്കുന്നത് ആരുമല്ല സ്വന്തം നാട്ടുകാരാണ്.

നമുക്ക് ടെക്റ്റോൺ എന്ന പദത്തിലേക്ക് തന്നെ ശ്രദ്ധ തിരിക്കാം. ഇതിൽ സാമൂഹിക-സാമ്പത്തികമായ അർത്ഥതലങ്ങൾ അടങ്ങിയിട്ടുണ്ട്. ജോസഫിന് ഒരു ഇടത്തര കുടുംബത്തിന്റെ പശ്ചാത്തലം ടെക്റ്റോൺ എന്ന വിശേഷണം ചാർത്തി കൊടുക്കുന്നുണ്ട്. അവൻ ധനികനൊ ദരിദ്രനെ അല്ലായിരുന്നുവെന്നും, അനുദിനമുള്ള ജോലികളിലേർപ്പെട്ട് കുടുംബം പോറ്റിയിരുന്നുവെന്നു ചുരുക്കം. പക്ഷേ ടെക്റ്റോൺ എന്ന വാക്കിന്റെ അരമായിക് അർത്ഥം അന്വേഷിച്ചാൽ 'നഗ്ഗാര' എന്ന പദത്തിൽ നമ്മൾ വന്നു ചേരും. ആ പദത്തിന് ഗുരുനാഥൻ, കലാകാരൻ എന്നീ അർത്ഥങ്ങൾ കൂടിയുണ്ടെന്നതാണ് ഏറ്റവും രസകരം. അങ്ങനെ നോക്കുമ്പോൾ ടെക്റ്റോൺ, മരപ്പണിക്കാരൻ മാത്രമല്ല, ഗുരുവും കൂടിയാണ്. അപ്പോൾ "ഇവൻ ആ തച്ചന്റെ മകനല്ലേ" എന്ന സിനഗോഗിലുള്ളവരുടെ ചോദ്യത്തിന് മറ്റൊരു മാനം കൂടി നൽകാവുന്നതാണ്. ഇവന്റെ പിതാവ് ഗുരുവാണ്, ആശാനാണ്. നിയമത്തിനു മുകളിൽ ആർദ്രതയ്ക്ക് പ്രാധാന്യം കൊടുത്ത ആശാൻ. ദൈവികതയെ സ്വപ്നം കണ്ടു ദൈവിക ചോദനയനുസരിച്ച് ജീവിച്ച തച്ചനാശാൻ.

ജോസഫിനും യേശുവിനും ലഭിക്കുന്ന ടെക്റ്റോൺ എന്ന വിശേഷണം യഹൂദജനതയിലെ സാധാരണക്കാരുടെ ഗണത്തെയാണ് സൂചിപ്പിക്കുന്നത്. സുവിശേഷങ്ങളിൽ യേശു സഞ്ചരിച്ച ഇടങ്ങൾ ശ്രദ്ധിച്ചാൽ അവക



ളെല്ലാം സാധാരണക്കാർ തിങ്ങിപ്പാർത്തിരുന്ന ഇടങ്ങളായിരുന്നു. അതുകൊണ്ടുതന്നെ മനുഷ്യാവതാരത്തിന്റെ ലാളിത്യവും സാധാരണതയും തച്ചനിലൂടെ വിശേഷിക്കപ്പെടുന്നു..

നിശബ്ദനായി നീതിയെ പ്രണയിച്ച തച്ചൻ

സുവിശേഷങ്ങളിൽ ജോസഫിനെ കുറിച്ച് നൽകുന്ന സാക്ഷ്യം 'അവൻ നീതിമാനായിരുന്നു' (വി. മത്താ:1:19) എന്നത് മാത്രമാണ്. ചരിത്രത്താളുകളിലെങ്ങും ജോസഫ് സംസാരിക്കുന്നില്ല. നിശബ്ദനായിരുന്ന് ദൈവഹിതത്തിനു കാതോർക്കുക മാത്രം ചെയ്യുന്നു. നിശബ്ദതയുടെ ആഴങ്ങളിൽ ദൈവഹിതത്തിന്റെ നിറവറിയാം എന്ന് ആ പുണ്യാമഹൻ മനസ്സിലാക്കിയിരിക്കണം. സ്വയം കത്തിയെരിഞ്ഞ് അന്യന്റെ വഴികളിൽ നിലാവെളിച്ചമേകുമ്പോൾ ജീവിതം സഫലമായി എന്നദ്ദേഹം ധരിച്ചിരിക്കണം. നസ്രത്തിലെ യേശു തന്നെക്കുറിച്ച് നൽകുന്ന ഒരു സാക്ഷ്യമുണ്ട്.. താനൊരു 'തച്ചന്റെ മകനാണെന്ന്' സാക്ഷ്യം (ലൂക്കാ. 4:22).

മറിയത്തിനു ജോസഫ് ഒരുത്തമ ഭർത്താവായിരുന്നു. അവളുടെ മാന്യതയേക്കരുതി അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചതു മുതൽ തന്റെ ജീവിതയാത്രയിലെപ്പോഴും നീതിമാന്റെ കവചമേ അദ്ദേഹം ധരിച്ചിട്ടുള്ളു. നീതിമാന്റെ നെറ്റിപ്പട്ടം എന്നും ആ തച്ചനു സ്വന്തം...ജീവിതകാലത്തൊരിക്കലും അദ്ദേഹത്തിനൊരു മേൽ വിലാസത്താങ്ങില്ലായിരുന്നു എന്നോർക്കണം.

പ്രതീക്ഷയുടെ പൂർത്തീകരണമായ ലോകരക്ഷകന്റെ ജനനത്തിനു സാക്ഷ്യം വഹിക്കുവാൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവനാണു ജോസഫ്. വിവാഹനിശ്ചയം ചെയ്ത കന്യക ഗർഭിണിയാണെന്നറിഞ്ഞപ്പോഴും അത് ദൈവഹിതമായിക്കണ്ട് അതിനോട് സഹകരിച്ചവൻ. മറിയത്തിനുവേണ്ടി വഴിയമ്പലങ്ങളിൽ മുട്ടിവിളിച്ചവൻ...! ഒടുവിൽ മഞ്ഞുപെയ്യുന്ന പാതിരാവിൽ പുൽക്കൂട്ടിൽ ദൈവപുത്രനു കാവലായവൻ...

നീതി എന്നാൽ ഒരർത്ഥത്തിൽ അപരന് അർഹമായത്, അവകാശമായത് നൽകുക എന്ന നിർവചിക്കാം. അങ്ങനെയെങ്കിൽ മറിയത്തോട് ചേർന്ന് നിന്ന് അവൾക്ക് വേണ്ട കൈത്താങ്ങ് നൽകിയ നീതിമാൻ ആയിരുന്നു ജോസഫ്.


ദൈവ ദർശനം ലഭിച്ചപ്പോൾ, നെയ്തുകൂട്ടിയ സ്വന്തം സ്വപ്നങ്ങളെ തിരസ്കരിച്ച തച്ചൻ

വിവാഹം കഴിക്കാൻ പോകുന്ന നീതിമാനായ ഒരു മനുഷ്യൻ. അവൻ ഭാവിയെക്കുറിച്ച് എന്താണ് സ്വപ്നം കാണുന്നത് എന്ന് നമുക്ക് ഊഹിക്കാൻ കഴിയും: സ്നേഹനിധിയായ ഭാര്യയും അനേകം നല്ല മക്കളുമുള്ള മനോഹരമായ ഒരു കുടുംബവും മാന്യമായ ഒരു ജോലിയും: ലളിതവും നല്ലതുമായ സ്വപ്നങ്ങൾ, സാധാരണക്കാരായ നല്ല ആളുകളുടെ സ്വപ്നങ്ങൾ. എന്നാൽ, അസ്വസ്ഥജനകമായ ഒരു കണ്ടെത്തലിൽ തട്ടി പെട്ടെന്ന്, ഈ സ്വപ്നങ്ങൾ തകരുന്നു: അതായത്, മറിയം, അവൻറെ ഭാവി വധു, ഗർഭിണിയാണ്, എന്നാൽ ഈ കുഞ്ഞ് അവൻറേതല്ല! ജോസഫിന്റെ അവസ്ഥ എന്തായിരുന്നിരിക്കും? അമ്പരപ്പ്, വേദന, പരിഭ്രാന്തി, ഒരുപക്ഷേ രോഷവും നിരാശയും പോലും...

യഥാർത്ഥത്തിൽ ഈ പ്രതിസന്ധിക്കു മുന്നിൽ അവന് രണ്ട് സാദ്ധ്യതകൾ നൽകുന്നു. ആദ്യത്തേത് മറിയത്തിനെതിരെ പരാതി നല്കുകയും അവളുടെ ആരോപിത അവിശ്വസ്തതയ്ക്ക് വില കൊടുപ്പിക്കുകയും ചെയ്യുക എന്നതാണ്. രണ്ടാമത്തേത്, മറിയത്തെ അപകീർത്തിപ്പെടുത്താതെയും കനത്ത പ്രത്യാഘാതങ്ങൾക്ക് വിധേയയാക്കാതെയും, നാണക്കേട് സ്വയം ഏറ്റെടുത്തുകൊണ്ട് വിവാഹനിശ്ചയം രഹസ്യമായി റദ്ദാക്കുക എന്നതാണ്. ജോസഫ് ഈ രണ്ടാമത്തെ മാർഗ്ഗം തിരഞ്ഞെടുക്കുന്നു. അത് കരുണയുടെ വഴിയാണ്. ഇവിടെ, പ്രതിസന്ധിയുടെ ഹൃദയഭാഗത്ത്, അവൻ ഇതിനെക്കുറിച്ച് ചിന്തിക്കുകയും അതിനെ വിലയിരുത്തുകയും ചെയ്യുമ്പോൾ, ദൈവം അവൻറെ ഹൃദയത്തിൽ ഒരു പുതിയ ദീപം കൊളുത്തുന്നു: മറിയത്തിൻറെ മാതൃത്വം വഞ്ചനയുടെ ഫലമല്ലെന്നും, പ്രത്യുത, പരിശുദ്ധാത്മാവിൻറെ പ്രവർത്തനത്തിന്റെ ഫലമാണെന്നും ജനിക്കാൻപോകുന്ന ശിശു രക്ഷകനാണെന്നും (മത്തായി 1: 20-21) ദൈവം ഒരു സ്വപ്നത്തിൽ അവനെ അറിയിക്കുന്നു; മറിയം മിശിഹായുടെ അമ്മയും ജോസഫ് പരിപാലകനുമായിരിക്കും. മിശിഹായുടെ പിതാവാകുക എന്ന, ഭക്തനായ ഏതൊരു ഇസ്രായേൽക്കാരൻറെയും ഏറ്റവും വലിയ സ്വപ്നം, - തികച്ചും അപ്രതീക്ഷിതമായവിധത്തിൽ, തനിക്കായി നിറവേറ്റപ്പെടുകയാണെന്ന് നിദ്രയിൽ നിന്ന് ഉണർന്ന ജോസഫ് മനസ്സിലാക്കുന്നു.

മരത്തിന്മേൽ തച്ചന്റെ ഉളിയും, അളവുകോലും എന്ന പോലെ, പരസ്യ ജീവിതകാലത്ത് യേശുവിന്റെ വചനങ്ങളെല്ലാം മനുഷ്യന്റെ അന്തരാത്മാവിലേക്ക് തുളച്ചുകയറുന്നവയും മനുഷ്യ ജീവിതത്തിന്റെ അളവുകോലുമായിരുന്നു അന്നും ഇന്നും ഇനി വരും കാലവും.

യേശുവിന്റെ വ്യക്തിത്വത്തിന്റെ നിഴലായി ജോസഫ് നിന്നു. ക്രിസ്തീയ കുടുംബങ്ങളുടെ പാലകനായി, പിതൃത്വങ്ങളുടെ പിതാവും മാതൃകയും ആയി, വേർപെടാൻ വെമ്പൽ കൊള്ളുന്ന ദാമ്പത്യ ബന്ധങ്ങൾക്ക് ഒരു വെല്ലുവിളിയായി, നീതിമാനായ ജോസഫ് ഇന്നും വിശുദ്ധ വിശുദ്ധ വീഥികളിൽ വഴിവിളക്കായി നിലകൊള്ളുന്നു.



ഫാ. ഡോ. പി. എസ്. ശാമുവൽ കോർ എപ്പിസ്കോപ്പ അന്തരിച്ചു

പത്തനംതിട്ട: മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികൻ ഫാ. ഡോ. പി. എസ്. ശാമുവൽ കോർഎപ്പിസ്കോപ്പ (97) അന്തരിച്ചു. മെഴുവേലി പെരുംകുന്നിൽ കുടുംബാംഗവും, ചെങ്ങന്നൂർ ഭദ്രസനത്തിലെ മെഴുവേലി ഹോളി ഇന്നസെന്റ്സ് ഇടവക അംഗവും അമേരിക്കൻ ഭദ്രസനത്തിലെ വൈദികനുമായിരുന്നു.

1951-ൽ പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്യുന്നതു വരെ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ആയി പ്രവർത്തിച്ചു. അമേരിക്കയിലെ സെന്റ് വ്ളാഡിമർ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് തിയൊളജിയിൽ ഡോക്ടറേറ്റ് നേടി. കാതോലിക്കേറ്റ് ഹൈസ്കൂൾ പത്തനംതിട്ട, മെട്രോപൊളിറ്റൻ ഹൈസ്കൂൾ പുത്തൻകാവ് എന്നിവിടങ്ങളിൽ അധ്യാപകനായും, കിഴവള്ളൂർ മിഡിൽ സ്കൂൾ ഹെഡ്മാസ്റ്റർ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ബയോളജി ഡിപ്പാർട്ട്മെന്റ് ഹെഡ്, കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകൻ, MGOCSM ജനറൽ സെക്രട്ടറി, സഭാ മാനേജിങ് കമ്മറ്റി അംഗം എന്നീ നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കൻ ഭദ്രാസന രൂപീകരണത്തിന് നേതൃത്വം നൽകി. 1954-ൽ ഇവാൻസ്റ്റണ്ണിൽ നടന്ന അഖില ലോക സഭാ കൗൺസിലിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധികരിച്ചു.

സഹധർമ്മിണി പരേതയായ ഏലിയാമ്മ ജോർജ് (പുത്തൻകാവ്).



ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ 2023 വർഷത്തെ ഭദ്രാസന കലാമേള കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ തീർത്ഥാടന ദേവാലയത്തിൽ വെച്ച് നടന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കലാമേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.



സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിൽ വനിതാ സംഗമം നടന്നു. ഫാ. കുറിയാക്കോസ് ഏലിയാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രൊഫ. മേരി മാത്യു (മർത്തമറിയം വനിതാ സമാജം ജനറൽ സെക്രട്ടറി) ഉദ്ഘാടനം നിർവ്വഹിച്ചു.

Church Calendar

Annunciation to Joseph

(Matthew 01: 18-25)

Fr. Sajoie Samuel



Many times in the birth narrative of Jesus Christ, we tend to overlook the cardinal role played by Joseph. In the greatness of Joseph lies the reason why he is not brought to the fore in the divine plan of God. If Joseph gains prominence as the father of Jesus, then Jesus would no longer be the Son of God. So in Joseph we have a direct descendant of David who is a skilled carpenter and a strict observer of Jewish feasts and rituals.

Gospel Summary

When Mary is engaged to Joseph, the latter gets to know that his fiance is about to have a baby. Joseph being a righteous man, plans to break the engagement privately so as not to disgrace Mary. But in a dream he is given instructions by an angel to accept Mary as his wife as she is carrying by the power of the Holy Spirit. Further instructions are given about the baby to be born. Later, Joseph marries Mary and he names the Baby Jesus.

I. BE MORE PROACTIVE THAN REACTIVE

When we are reactive we make ourselves susceptible to extreme actions which we may regret later. We know that, when we make haste in making a decision, we tend to give up thinking about it's consequences and fall prey in our own trap. On the other hand when we are proactive we weigh the pros and cons and then we make a decision.

The perfect example is of Nabal and Abigail. In 1 Samuel 25 we see David asking of a favor to Nabal. But being stupid as he was, Nabal denies to help him which in turn enraged David. Actually King David had ensured none of the belongings of Nabal would get destroyed or lost. In return the patriarch wanted him to provide for him and his men. Nabal being fool headed, denied to give any help to David. When Abigail, wife of Nabal gets to know how foolish he was, she hurries to meet David and apologises for her husband's impudence. Nabal behaves in a hasty manner without thinking about the repercussions of his deeds. On the other hand, Abigail is proactive and saves herself and her husband from the ire of the king.

When we are in reaction mode, we allow the circumstances to control us. But when we are being proactive, we will be in a better condition to let ourselves control the proceedings. Proactive people are meant to be calm and composed, who reflect on their actions and think twice before executing them.

So can we rightly summarise that being proactive in our approach is the best way to ensure Infant Jesus is born in our hearts? The answer is YES. Joseph shows how being proactive helped him to become the foster father of infant Jesus. Fortunately this feature can be found in Mary too. Throughout her life she led a life of contemplative spirit that made her better equipped to sail through the storms of life.

II. A MAN WHO LIVED FOR OTHERS

Every human wants his/her marriage to be the talk of the town. Plans are made and loans taken to ensure that everything falls as per plan for the grand finale. But in Joseph we see an individual who takes a step back to accommodate the plan of God in his life. He made himself available for others in an age where infants were being killed to safeguard the throne of the king Herod.

Rather he made it a rule in his life. The sacrifices that Joseph made for his family are not trivial. Immediately after the birth of the Messiah, the foster father is commanded to escape to Egypt as their life was in danger. Here sets in a series of trips by Joseph to safeguard the lives of the mother and the baby. Joseph is so willing to make himself available for God's plan that he has no need of any sign or proof to believe. The vision of the Angel in itself is sufficient to convince him of his role in the divine plan. So here in Joseph teaches us a cardinal lesson : Live for others and God will guide you.

The widow of Zarephat prepared food for Elijah with the meagre resources she had and she is blessed unconditionally (1 Kings17). The poor widow donated all she had in the temple treasury and she immediately becomes an example for others (Luke 21). Jesus Christ Himself gave away His life for others so that He could be the Savoir of humankind.

III. OUR RIGHTEOUSNESS IS THE BASE FOR GODS REVELATION

Do you want to be guided by the Holy Spirit when you are in the midst of the traversities of life? If yes, then like Joseph we need to lead a life similar to a righteous man's life. Only because Joseph led a life of righteousness that God guided him through his problems. But why is Joseph considered righteous? It is because he maintained cordial relation with both God and humans. Let me explain.

Joseph was in a tricky situation. The girl with whom he was to spend his whole life, is pregnant even before he could live with her. The obvious reaction of any person in such a scenario will be to turn to Scriptures and look for the answer. Deuteronomy Ch 22 says that such a lady should be stoned to death. We see Judah giving orders to stone Tamar to death as he was told that she was behaving in an immoral fashion (Gen Ch 38). Morever, in John Ch 08 we see the Teachers of the Law and the Pharisees bringing an immoral woman caught in adultery to Jesus.

It's here that Joseph does something which no other human would have. He decides that if his righteousness is a threat to another person, then that righteousness would be hollow in itself. If by practising what he felt was righteous was a threat to others then it wont be pleasing in the sight of God. So he decides to divorce Mary in private. This would ensure that he would not have a sinful partner and also save Mary's life.

So because of the righteous life that Joseph led, God sends His Angel to him to guide him. So the onus lies on each one of us to to lead a virtuous life by which God would count us as one among the elect who would continue His divine plans on earth.

CONCLUSION

We all dream about our life. Our dreams set us apart from others. But can our dreams be seen as a bigger part of God's vision for the human race. Joseph and Mary incorporated God's plans into their dreams and this helped them to be guardians of the Messaih. They are able to go beyond their own world, their needs, desires and ambitions because of which God made them partakers of the salvific plan. In this Yeldo lent, let us try to lead a righteous life like Joseph and be a bridge between God and humans.

❑

Our oblivion of the sacred silence

Reflection on the holy Gospel reading (St. Matthew 1:18-25)

Revelation to St. Joseph the just

Rincy

The crux of Christmas and thereby the story of salvation of mankind can be summed up as the humility and love of God for man that made Him willingly endure Cross and trample death. In communities with a deep foundation of patriarchal values, machismo is the norm while the godly virtues of humility and silence is considered highly incongruous for the man of the house. In this backdrop we remember the angelic command to an ordinary carpenter-St. Joseph the just, an epitome of silence of humility who faithfully and silently ministered his betrothed Blessed Virgin and her Child.

In my limited knowledge, only two parishes in India under the Malankara Orthodox Church are named after St. Joseph the just (one in Tughlakabad, New Delhi and the other in Bangalore).

Why is our tradition strangely silent in commemorating the feast of the foster father of our Lord? Why have we allowed his memory to fade?

- Is it because St. Joseph's mission of servant leadership in domestic life upends the societal privileges of men in a family setup? The renowned poet from Kerala, K Satchidanandan writes- "To love a woman is to exchange the harshness of your muscles for the tenderness of a flower." (While I Write; Harper Collins). To follow St Joseph's mission in family life is to execute the great burden that society has traditionally thrust upon women- to silently continue work amidst sufferings and to be content with a second place in home and life.

- Is it because the role of St. Joseph as the helper (of the Blessed Virgin and her Child) will trigger the combustible egos of the patriarchal society that fosters a skewed concept of family dynamics wherein the commitment to marital duties falls chiefly on the woman?

- Is it because on such feast day(s) the sermons on St. Joseph's silent relentless service to his betrothed Blessed Virgin and her Child will prick the societal conscience as it will serve as an yearly reminder to the menfolk of their duty to selflessly serve their home/community?

"Then Joseph her husband, being a just man, and not wanting to make her a public example, was minded to put her away secretly. But while he thought about these things, behold, an angel of the Lord appeared to him in a dream, saying, "Joseph, son of David, do not be afraid to take to you Mary your wife, for that which is conceived in her is of the Holy Spirit." (St. Matthew 1:19-20; NKJV).

Seen from the conventional lens of the society this verse is understood to praise St. Joseph's magnanimity in not divorcing the holy Theotokos for her alleged unchastity. However, seen from the spiritual lens of St. Joseph, it is an act stemming from his humility. How is St. Joseph's intent to separate from St. Mary considered just and an act of humility?

In the Old Testament narrative regarding the birth of Samson we note that Manoah doubted his wife's story about an angelic visit promising them parenthood. The Angel of the Lord gives a patient hearing when Manoah probes further (ref: Judges 13, NKJV).

The betrothed Virgin tells Angel Gabriel during the annunciation - "How can this be, since I do not know a man?" This very statement of St. Mary shows her resolve to lead a celibate life. It is improbable that St. Joseph would be unaware of the Blessed Virgin's determination and her spiritual depth. If St. Joseph doubted the Virgin's chastity, he too could have asked for proof like Manoah did - praying for a second angelic visitation in his presence. If God was so patient with Manoah's questions, surely He would have heeded to the righteous man's request to alleviate doubts on the Virgin Birth.

On a closer scrutiny of the verses, we note that unlike the various angelic visitations in the New Testaments, wherein the angels reassure the listeners to not be afraid of their presence, St. Joseph is instead asked not to fear in taking St. Mary as his wife.

"When Simon Peter saw it, he fell down at Jesus' knees, saying, "Depart from me, for I am a sinful man, O Lord!" (St. Luke 5:8; NKJV). This passage tells the incident about Jesus calling the four fishermen as disciples and the miracle of catching a multitude of fishes. After the miraculous catch of the fish, Simon Peter becomes aware that he has encountered holy, and he asks Jesus to go away because he sees himself as unworthy to stand close to Him.

As a devout Jew, St. Joseph would be aware of the prophecies of Isaiah regarding the Virgin birth of the Lord. Those great frightening events prophesied ages ago were now unfolding right before his eyes. Like Simon Peter requesting the Lord to depart from Him being aware of his own unworthiness, the righteous St. Joseph considers himself extremely unworthy for the great calling. He is overwhelmed with the great fear of the holy- the great fear of being in the same dwelling as the Lord and His mother and it is this holy fear of his that the angel comforts.

Origen says: "But if he had no suspicion of her, how could he be

a just man, and yet seek to put her away, being immaculate? He sought to put her away, because he saw in her a great sacrament, to approach which he thought himself unworthy." (Catena; Thomas Aquinas)

St. Joseph's dilemma with a pregnant Virgin can be contemplated in the first four beatitudes [St. Matthew 5:3-10] - a broken (poor in spirit-v.3) and grieving (mourn-v.4) man who mourns in silence (meek-v.5) longing to do what is right (hunger and thirst for righteousness-v.6]. Jesus calls such a man blessed.

In the next four beatitudes the virtues of St. Joseph can be contemplated upon. While going through upheavals for sake of our Lord (mockery for being with a young pregnant Virgin, displacement, massacre, exile etc.), in little what the Scripture says about him, we can sense that St. Joseph is merciful (v.7) towards the needs of his family, his conduct is pure (v.8), and he tries his best to give a life of peace to the Theotokos and her Child (v.9). The beatitudes end with a promise of the kingdom of heaven to those who are persecuted for righteousness's sake (v.10). St. Joseph led a life of great struggle in silence and indeed, he was blessed to receive the taste of heaven- to depart the earthly life in the arms of his Lord and His mother.

How many men engrossed in the travails and temptations of the world can afford to look at their family mercifully, lead a life of purity for their children to emulate and ensure peace in their home? If ever a day is set apart commemorating his feast of St. Joseph the just, then such day should be dedicated as the Father's Day of the church. Such a day ought to serve as a great reminder for the fathers (whether spiritual or biological) to follow St. Joseph's footsteps, and to seek his intercessions so that they faithfully and selflessly conduct their stewardship duties towards home and the church.

By the prayers and intercessions of St. Joseph the Just, may the Lord strengthen us to follow our calling faithfully and may He be pleased to dwell in our unworthy hearts and homes.

❑



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കണ്ടനാട് വെസ്റ്റ് ഭദ്രാസന ശുശ്രൂഷകരോടൊപ്പം.



വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു. വിശുദ്ധ കുർബാനയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു.



Alexios Mar Eusebius Metropolitan visited Bishop Joseph Kodakallil of Satna Diocese.



അന്തരിച്ച സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റെ ഭൗതിക ശരീരത്തിൽ പ. കാതോലിക്കാ ബാവായുടെ നിർദേശത്തിൽ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദരാഞ്ജലികൾ അർപ്പിച്ചു.



വി. മർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളിയിൽ മാർത്തോമാ ശ്ലീഹായുടെ 1951–ാമത് രക്തസാക്ഷിത്വ പെരുന്നാളിന് ആരംഭം കുറിച്ച കൊണ്ട് ഡോ. യൂഹാനോൻ മാർ ക്രസോസ്റ്റമോസ് കൊടിയേറ്റ് കർമ്മം നടത്തി. നിരണം തോമത്ത് കടവിൽ നിന്നും ആഘോഷമായി കൊടി ഘോഷയാത്ര പള്ളിയിലെത്തി.